**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2832** **10-03-2025 - ൽ മറുപടിയ്ക്ക്**

**ഇ-ഗ്രാന്റ് കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ഇ-ഗ്രാന്റ് സ്കോളർഷിപ്പ് കുടിശ്ശിക ഉണ്ടെങ്കിൽ ആയതിന്റെ വിവരം ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | അപ്രൂവൽ ലഭിച്ച പട്ടികജാതി വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ക്ലെയിമുകൾ 2024 -25 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ലഭ്യമായ 223 കോടി രൂപയും, അധിക തുക വകയിരുത്തിയത് മുഖേന ലഭിച്ച 110 കോടി രൂപയും ഉൾപടെ 333 കോടി രൂപ പൂർണമായും വിനിയോഗിച്ച് കൊണ്ട് കുടിശിക വിതരണം ചെയ്തിട്ടുണ്ട്. 2024-25 അധ്യയന വർഷത്തെ അപ്രൂവൽ ലഭിച്ച സ്കോളർഷിപ്പ് ക്ലെയിമുകളിൽ ലഭ്യമായ തുക ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഇ-ഗ്രാന്റ് സ്കോളർഷിപ്പ് മാനുവലായി വിതരണം ചെയ്യുന്നതിന് ഫണ്ട് ലഭ്യമല്ലാത്തതിനാൽ അവ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജില്ല ഓഫീസർമാരോ ഗ്രാന്റ് ലഭിക്കാൻ യോഗ്യത ഉള്ളവരോ നൽകിയ എത്ര നിവേദ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; അവയുടെ വിശദാംശങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | വിദ്യാഭ്യാസ ആനുകൂല്യം മാന്വലായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ടുള്ള നിവേദനങ്ങൾ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടില്ല. ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് തുക ഓൺലൈനായാണ് വിതരണം ചെയ്യുന്നത്. മുൻവർഷങ്ങളിൽ ഉള്ള അപേക്ഷകൾ ഇ ഗ്രാൻറ്സ് പോർട്ടൽ മുഖേന പ്രോസസ് ചെയ്യാൻ കഴിയാത്തതിനാലാണ് മാന്വലായി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ